16916
©18/17

കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2017 ജൂൺ 27<br>27th June 2017<br>1192 മിഥുനം 13<br>13th Mithunam 1192<br>1939 ആഷാഢം 6<br>6th Ashadha 1939 | നമ്പർ<br>No. | 1327 |

## കേരള സർക്കാർ

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 13/2017/F&P. *തിരുവനന്തപുരം, 2017 ജൂൺ 15.*

**എസ്. ആർ. ഒ. നമ്പർ 350/2017.**—2010-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിന്റെ 24-ാം വകുപ്പിൽ നിലവിലുള്ള മത്സ്യസമ്പത്തിന് എന്തെങ്കിലും നാശനഷ്ടത്തിന് ഇടയാക്കുമെന്നോ, നിലവിലുള്ള ഏതെങ്കിലും ഇനം മത്സ്യത്തിന് പകർച്ചവ്യാധിക്ക് കാരണമായേക്കുമെന്നോ പരിസ്ഥിതിക്ക് ഹാനികരമായേക്കുമെന്നോ സംശയിക്കപ്പെടുന്ന ഏതെങ്കിലും തദ്ദേശീയമോ അല്ലാത്തതോ ആയ പ്രത്യേക ഇനങ്ങളിലുള്ള ജീവനുള്ള മത്സ്യങ്ങളുടെയോ

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.
33/2236/2017/S-12.

മത്സ്യവിത്തുകളുടെയോ പ്രവേശം സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, നിയന്ത്രിക്കുകയോ, നിരോധിക്കുകയോ, ക്രമീകരിക്കുകയോ, ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

പാലക്കാട് ജില്ലയിൽ പലയിടത്തും ആഫ്രിക്കൻ മുഷി കൃഷി ചെയ്തു വരുന്നുണ്ടെന്നും ഇത് നിലവിലുള്ള മത്സ്യസമ്പത്തിനും പരിസ്ഥിതിക്കും ഹാനികരമായതിനാൽ പ്രസ്തുത മത്സ്യകൃഷി നിരോധിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതിനാലും;

സംഗതിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് പ്രസ്തുത ആക്റ്റിലെ 24-ാം വകുപ്പ് പ്രകാരം ആഫ്രിക്കൻ മുഷി (Clarias gariepinus) എന്ന മത്സ്യ ഇനത്തെ പ്രവേശിപ്പിക്കുന്നതും പ്രവേശനം വഴിയുള്ള കൃഷിരീതികളും നിലവിലുള്ള മത്സ്യസമ്പത്തിന്റെ നാശനഷ്ടത്തിന് ഇടയാക്കുമെന്നും പരിസ്ഥിതിക്ക് ഹാനികരമായേക്കുമെന്നും കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിലെ (2010-ലെ 15-ാം ആക്റ്റ്) 24-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ ആഫ്രിക്കൻ മുഷി (Clarias gariepinus) എന്ന മത്സ്യ ഇനത്തെ പ്രവേശിപ്പിക്കുന്നതും പ്രവേശനം വഴിയുള്ള കൃഷിരീതികളും നിരോധിച്ചു കൊണ്ട് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2010-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റിന്റെ 24-ാം വകുപ്പിൽ നിലവിലുള്ള മത്സ്യസമ്പത്തിന് എന്തെങ്കിലും നാശനഷ്ടത്തിന് ഇടയാക്കുമെന്നോ, നിലവിലുള്ള ഏതെങ്കിലും ഇനം മത്സ്യത്തിന് പകർച്ച വ്യാധിക്ക് കാരണമായേക്കുമെന്നോ പരിസ്ഥിതിക്ക് ഹാനികരമായേക്കുമെന്നോ സംശയിക്കപ്പെടുന്ന ഏതെങ്കിലും തദ്ദേശീയമോ അല്ലാത്തതോ ആയ പ്രത്യേക ഇനങ്ങളിലുള്ള ജീവനുള്ള മത്സ്യങ്ങളുടെയോ മത്സ്യവിത്തുകളുടെയോ പ്രവേശം സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, നിയന്ത്രിക്കുകയോ, നിരോധിക്കുകയോ ക്രമീകരിക്കുകയോ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പാലക്കാട് ജില്ലയിൽ പലയിടത്തും ആഫ്രിക്കൻ മുഷി കൃഷിചെയ്തുവരുന്നുണ്ടെന്നും ഇത് ജനവാസം ദുഷ്കരമാക്കുന്നതിനും ഇടയാകുമെന്നും കാണിച്ച് പരാതികൾ ലഭിക്കുന്നുണ്ടെന്നും മലിനീകരണത്തിന് ഇടവരുത്തുന്ന ഈ കൃഷി നിരോധിക്കണമെന്നും നിരോധന ഉത്തരവുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾ ലഭ്യമാകുന്നുണ്ടെന്നും ജില്ലാ വികസന സമിതി യോഗങ്ങളിൽ ഈ വിഷയം ജില്ലാ എം.എൽ.എ. ഉന്നയിച്ചിട്ടുണ്ടെന്നും ഫിഷറീസ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിലും കേന്ദ്ര സർക്കാരിന്റെ 2013 ജനുവരി മാസം 10-ാം തീയതിയിലെ 31035/5/98fy(2)/(Trade) നമ്പർ സർക്കുലറിൽ ആഫ്രിക്കൻ മുഷി വളർത്തൽ നിരോധിക്കുന്നത് സംബന്ധിച്ചുള്ള നടപടി സ്വീകരിക്കുന്നതിനായി എല്ലാ സംസ്ഥാനങ്ങൾക്കും യൂണിയൻ ടെറിട്ടറീസിനും (State and Union Territories) കർശന നിർദ്ദേശം നൽകിയിരിക്കുന്നതിന്റെ വെളിച്ചത്തിലും സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും അപ്രകാരം 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിന്റെ 24-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ആഫ്രിക്കൻ മുഷി (Clarias gariepinus) എന്ന മത്സ്യ ഇനത്തിന്റെ പ്രവേശവും അതുവഴിയുള്ള കൃഷിരീതികളും ഒരു ഗസറ്റ് വിജ്ഞാപനംവഴി നിരോധിക്കുന്നതിനു തീരുമാനിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.